## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :6745

04.04.2018-ൽ
മറുപടിയ്ക്ക്

### എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിഞ്ഞ് കിടക്കുന്ന ബി-ടെക്, എം-ടെക് സീറ്റുകൾ

*ചോദ്യം*
ശ്രീ.വി.ടി.ബൽറാം

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ബി-ടെക്, എം-ടെക് സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. സംസ്ഥാനത്ത് സ്വകാര്യ സ്വാശ്രയ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ബി-ടെക്, എം-ടെക് സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവിടുത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മോശമായതിനാലാണോ ഈ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നത്; വിശദമാക്കുമോ ; | | |
| (സി) | സംസ്ഥാനത്തെ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുമ്പോൾ ഇവിടെനിന്നുള്ള കുട്ടികൾ ഇതര സംസ്ഥാനങ്ങളിലെ കോളേജുകൾ പഠനത്തിനായി തെരഞ്ഞെടുക്കുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | വകുപ്പ് തലത്തിൽ ഇതു സംബന്ധിച്ച അപഗ്രഥനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ പല സ്വാശ്രയകോളേജുകളിലെയും വിദ്യാർത്ഥികളുടെ വിജയശതമാനം വളരെ കുറവാണെന്നത് വസ്തുതയല്ലേ; | (ഡി) & (ഇ) | സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളുടെ വിജയശതമാനം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ സ്വാശ്രയ കോളേജുകൾക്ക് അഫിലിയേഷൻ നല്കുന്നതിനു മുന്നോടിയായി അക്കാദമികവും ഭൗതികവുമായ സാഹചര്യം വിലയിരുത്തുന്നതിന് സാങ്കേതിക സർവകലാശാല ഇ.വി.സി. (Expert Visit Committee) രൂപീകരിക്കുകയും ഇത് സംബന്ധിച്ച വിലയിരുത്തൽ നടത്തുകയും ചെയ്യാറുണ്ട്. കൂടാതെ അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമെസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിങ് നടത്തി വരുന്നു. |
| (ഇ) | എങ്കിൽ പ്രസ്തുത കോളേജുകളിലെ പഠനനിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക സർവ്വകലാശാല നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ